ഭരണഭാഷ-മാതൃഭാഷ

എംഐറ്റി1/6697/റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം, കേരളം
തിയതി 17-06-2015

സർക്കുലർ 15/2015

വിഷയം :- മോട്ടോർ വാഹന വകുപ്പ് – വകുപ്പിന്റെ പത്ര പരസ്യങ്ങളുടെ ചിലവ് വഹിക്കുന്നത്– സംബന്ധിച്ച്

സൂചന :- 1. 26.09.1979-ലെ സർക്കാർ ഉത്തരവ്(അച്ചടിച്ചത്) 9/പി.ആർ/79
2. 02.01.2004-ലെ സർക്കാർ ഉത്തരവ്(അച്ചടിച്ചത്) 01/04/ഐ & പി.ആർ
3.11283/ജി4/2015/വി.പോ.സ.വ എന്ന 30.05.2015-ലെ വിവര-പോതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ കത്ത്.

ഇ-ടെണ്ടർ പരസ്യപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വിവര-പൊതു ജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ ഒഫീസിൽ നിന്നും പരസ്യങ്ങളുടെ ചിലവ് വഹിക്കുന്നത് സംബന്ധിച്ച് ഏകീകൃത തീരുമാനം കൈകൊള്ളണം എന്ന് വിവര-പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു .സൂചന ഒന്നിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകളുടെ പത്ര പരസ്യങ്ങളുടെ ചിലവ് വിവര-പൊതുജന സമ്പർക്ക വകുപ്പ് നേരിട്ട് നൽകുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ മോട്ടോർ വാഹന വകുപ്പിന്റെ പരസ്യങ്ങൾക്ക് വളരെ കാലമായി വകുപ്പ് തന്നെയാണ് ചിലവ് വഹിക്കുന്നത്.മേൽ ആവശ്യത്തിനായി വകുപ്പിന് ബഡ്ജറ്റിൽ തുക അനുവദിക്കാത്തതിനാൽ മറ്റ് ചിലവുകൾ എന്ന കണക്ക ശീർഷകത്തിൽ നിന്നും ഇ ആവശ്യത്തിനായി പണം ചിലവഴിക്കുന്നത് ബാധ്യതയായി തീരാറുണ്ട്

സർക്കാർ പരസ്യങ്ങളുടെ പ്രസിദ്ധീകരണം സംബന്ധിച്ച നിർദേശങ്ങൾ സർക്കാർ ഉത്തരവ്(അച്ചടിച്ചത്) 1/68/പി.ആർ പ്രകാരം പ്രസിദ്ധീകരിക്കുകയും സർക്കാർ ഉത്തരവുകൾ 9/പി.ആർ/79, 7/80/ജി.എ.ഡി,7/83/പി.ആർ,8/99/പി.ആർ, 01/04/ഐ&പി.ആർ എന്നീ ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്.പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ തുടർന്നുള്ള പരസ്യ ചിലവുകൾ വിവര-പൊതുജന സമ്പർക്ക വകുപ്പ് നേരിട്ട് നൽകുന്നതാണെന്ന് അറിയിക്കുകയും സൂചന 3-നിൽ പരാമർശിച്ചിരിക്കുന്ന കത്ത് പ്രകാരം വിവര-പൊതു ജന സമ്പർക്ക വകുപ്പ് ഡയറക്ടർ വകുപ്പിന്റെ തീരുമാനം അംഗീകരിക്കുന്നതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മോട്ടോർ വാഹന വകുപ്പിന്റെ തുടർന്നുള്ള പരസ്യങ്ങൾ നൽകുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 01.07.2015-ന്ന ശേഷം വകുപ്പ് നൽകുന്ന പരസ്യങ്ങൾക്ക് ചിലവ് വഹിക്കുവാൻ പാടുള്ളതല്ല.
2. സാധാരണ പരസ്യങ്ങൾ നൽകുന്നത് സംബന്ധിച്ച വിശദമായ നിർദേശങ്ങൾ സർക്കാർ ഉത്തരവ്(അച്ചടിച്ചത്) 8/99/പി.ആർ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ്(അച്ചടിച്ചത്) 01/04/ ഐ&പി.ആർ വഴി മേൽ ഉത്തരവിൽ ഭേദഗതി വരുത്തുകയും ഇനി മുതൽ സർക്കാർ പരസ്യങ്ങൾ വിൻഡോ പരസ്യങ്ങളായേ നൽകുകയുള്ളൂ എന്ന് ഉത്തരവാകുകയും ചെയ്തു. ആയതിനാൽ പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനായി നൽകുംമ്പോൾ പ്രസ്തുത നിർദേശങ്ങൾ പാലിക്കേണ്ടതാണ്. രണ്ട് ഉത്തരവുകളും ഇ സർക്കുലറിനോപ്പം ചേർത്തിട്ടുണ്ട്.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14
☎ 0471-2333337/2333317 📠 0471-2333314
ഇ-മെയിൽ - tcoffice@keralamvd.gov.in

**ഭരണഭാഷ-മാതൃഭാഷ**

3. ഇനി മുതൽ പ്രസിധീകരണത്തിനായി നൽകുന്ന കത്തിൽ മേൽസർക്കാർ ഉത്തരവുകൾ സൂചനയായി ചേർക്കുകയും പ്രസിദ്ധീകരണ ചിലവ് വിവര-പൊതുജന സമ്പർക്ക വകുപ്പ്നേരിട്ട് നൽകേണ്ടതാണെന്ന് വ്യക്തമക്കേണ്ടതുമാണ്. സർക്കാർ ഉത്തരവുകളിൽ പരാമർശിച്ചിരിക്കുന്ന എല്ലാ നിർദേശങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

മുകൾ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഒപ്പ്/-
**ആർ ശ്രീലേഖ ഐ പി എസ്**
**ട്രാൻസ്പോർട്ട് കമ്മീഷണർ**

**സ്വീകർത്തവ്**
**എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ**

**അംഗീകാരത്തോടെ**

**ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ**

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14
☎ 0471-2333337/2333317 📠 0471-2333314
ഇ-മെയിൽ - tcoffice@keralamvd.gov.in

MIT1
2/6/15
11840/15

കേരള സർക്കാർ

നമ്പർ. 11283/ജി4/2015/വി.പൊ.സ.വ.

വിവര-പൊതുജന സമ്പർക്ക (ജി) വകുപ്പ്,
തിരുവനന്തപുരം, തീയതി : 30.5.2015.

പ്രേഷിതൻ
ഡയറക്ടർ,
വിവര-പൊതുജന സമ്പർക്ക വകുപ്പ്.

സ്വീകർത്താവ്
ട്രാൻസ്പോർട്ട് കമ്മീഷണർ,
ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,
തൈക്കാട്, തിരുവനന്തപുരം-1.

സർ,

വിഷയം : വിവര-പൊതുജന സമ്പർക്ക വകുപ്പ് - മോട്ടോർ വാഹന വകുപ്പിന്റെ ദർഘാസ് പരസ്യങ്ങളുടെ പ്രസിദ്ധീകരണം - സംബന്ധിച്ച്.

സൂചന : 1. 24.3.2015 -ലെ 7012/G4/2015/PRD എന്ന നമ്പർ സർക്കാർ കത്ത്.

2. താങ്കളുടെ 12.5.2015-ലെ എം.ഐ.റ്റി1/6697/TC/2015 എന്ന നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിലെ (2) കത്തിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ തുടർന്നുള്ള ദർഘാസ് പരസ്യങ്ങൾ പി.ആർ.ഡി പേമെന്റിൽ തന്നെ പ്രസിദ്ധീകരണത്തിന് നൽകുന്നതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഷൈൻ റ്റി.എ
ഡെപ്യൂട്ടി ഡയറക്ടർ
ഡയറക്ടർക്കു വേണ്ടി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Public Relations Department – Issue of Advertisements – Payment of Advertisement charges by the Public Relations Department - Orders issued.

---

GENERAL ADMINISTRATION (PUBLIC RELATIONS –D) DEPARTMENT

G.O.P No.9/PR/79. Dated, Trivandrum, 26th September, 1979.

---

Read:- (1) G.O.(P) 1/68/PR. Dated 5-4-1968
(2) Note dated 17.07.79 from the Director of Public Relations.

O R D E R

According to the procedure laid down in G.O.(P) 1/68/PR dated 5-4-1968, the Public Relations Department on receipt of the materials for advertisement from various Government Departments, send them to the newspapers with specific instructions to the dailies for publication. The News papers, after publication, send the bills direct to the departments concerned for arranging payments as per the rate contract fixed by the Director of Public Relations. At a meeting of the Editors of the daily newspapers published from Kerala, and the city representatives of the prominent English dailies held some time back it was suggested that payment in respect of advertisements from various Government Department released through the Department of Public Relations may also be made by the Public Relations Department. The Kerala Newspapers Proprietors' Association has also represented to Government that arrangements may be made for the payment of advertisements to avoid unnecessary delay. The Director of Advertising and Visual Publicity of the Information and Broadcasting Ministry, Government of India has already evolved a procedure for effecting payments to news media direct by them. The Director of Public Relations has recommended that the procedure followed by the DAVP may be adopted by the State Government also.

2. Government have examined the question in details are pleased to order that payments in respect of advertisements from various Government Departments, released through the

Director of Public Relations will be paid by the Public Relations Department from the next financial year. An amount of Rs.40 lakhs will be provided in the Budget proposals for Public Relations Department during 1980-81 for meeting the above expenditure, by opening a new head of account. The Heads of Department will deduct proportionate amount from their budget proposals for 1980-81.

3. On reference by the Head of Departments, the Director of Public Relations will arrange for the Publication of the advertisements under intimation to the Head of Departments, who will ensure that the matter has appeared in the paper correctly. In case any omission or defect is noticed, the same will be brought to the notice of the Public Relations Department, in writing immediately at any rate within a week so as to enable that Department take suitable action to rectify the defects.

4. Orders issued in G.O.(P) 1/68/PR dated 5-4-1968 will stand modified to this extent. These orders will take effect from 1-4-1980.

By Order of the Governor

Sd/-
M.S.K.RAMASWAMI,
Special Secretary to Government.

To

All Heads of Departments and Offices.
All Departments of the Secretariat (All Sections)
The Secretary, Kerala Public Service Commission (with C.L.)
The Registrar, University of Kerala, Cochin and Calicut (with C.L.)
The Registrar, High Court, Ernakulam (with C.L.)
The Secretary, Vigilance Commission (with C.L.)
The Public Relations Department A,B,C,D and E Sections
The Accountant General, Kerala, Trivandrum.
All Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Under Secretaries to Government including Law, Legislature and Finance

18266/ഡി1/96/പി.ആർ. പി.ആർ (ഡി)വകുപ്പ്.

# കേരള സർക്കാർ

## സംഗ്രഹം

പബ്ളിക് റിലേഷൻസ് വകുപ്പ് – സർക്കാർ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച നയവും നടപടിക്രമങ്ങളും – പുതുക്കിയ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച്

**പൊതുഭരണ (പബ്ളിക് റിലേഷൻസ്-ഡി) വകുപ്പ്**

**സ:ഉ(അച്ചടിച്ചത്) 8/99/പി.ആർ. തിരുവനന്തപുരം, തീയതി: 7.7.1999**

പരാമർശം: (1) 12.10.1983–ലെ സ:ഉ(പി)7/83/പി.ആർ.

(2) 11.7.1986–ലെ സ:ഉ(പി)7/86/പിആർ.

(3) 15.7.1986–ലെ സ:ഉ(പി)8/1/86/പിആർ.

(4) 18.2.1987–ലെ സ:ഉ(പി)1/87/പിആർ.

(5) 14.8.1990–ലെ സ:ഉ(പി)3/90/പിആർ.

(6) 13.7.1993–ലെ സ:ഉ(സാ)120/93/പിആർ.

## ഉത്തരവ്

സർക്കാർ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ചുള്ള നയവും നടപടി ക്രമങ്ങളുമാണ് മേൽ സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുള്ളത്.

2. പരസ്യനിരക്ക് കാലോചിതമായി വർദ്ധിപ്പിക്കണമെന്ന പത്രസ്ഥാപനങ്ങളുടെ ആവശ്യത്തിന്റെ പശ്ചാത്തലത്തിൽ മീഡിയാ ലിസ്റ്റ് പുതുക്കി പരസ്യനിരക്ക് പുനർ നിർണയിക്കുന്നതിലേക്ക് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി താഴെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മീഡിയാലിസ്റ്റിലെ പത്രങ്ങളെ അവയുടെ പ്രചാരത്തിന്റെ അടിസ്ഥാനത്തിൽ 'എ', 'ബി', 'സി', 'ഡി' എന്ന് നാല് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

| *പ്രചാരം* | *വിഭാഗം* |
|---|---|
| പ്രതിദിനം 3000 മുതൽ 10,000 വരെ | എ |
| പ്രതിദിനം 10,001 മുതൽ 50,000 വരെ | ബി |
| പ്രതിദിനം 50,001 മുതൽ 2 ലക്ഷം വരെ | സി |
| പ്രതിദിനം 2 ലക്ഷത്തിനുമുകളിൽ | ഡി |

GPT. 32/3480/99

4. സർക്കാർ നല്കുന്ന മാർഗനിർദേശങ്ങൾ അനുസരിച്ച് ഇനിമേൽ റീജിയണൽ ഡപ്യൂട്ടി ഡയറക്ടർമാർ പത്രസ്ഥാപനങ്ങൾ പരിശോധിച്ച് പത്രങ്ങളുടെ പ്രചാരം സംബന്ധിച്ച റിപ്പോർട്ട് ഡയറക്ടർക്ക് നല്കേണ്ടതാണ്. പത്രങ്ങളുടെ പ്രചാരം സംബന്ധിച്ചുള്ള പരിശോധന എല്ലാവർഷവും നിർബന്ധമായും നടത്തിയിരിക്കണം. എല്ലാവർഷവും ഫെബ്രുവരി മാസം അവസാനദിവസംതന്നെ റിപ്പോർട്ട് ഡയറക്ടർക്ക് നല്കേണ്ടതാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പബ്ളിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ ഓരോ സാമ്പത്തിക വർഷത്തിന്റെയും തുടക്കത്തിൽ, പത്രസ്ഥാപന ങ്ങളുമായി പരസ്യനിരക്ക് സംബന്ധിച്ച് ചർച്ച നടത്തി നിരക്ക് നിശ്ചയിച്ച് ഒരു ഉടമ്പടിയിൽ ഒപ്പു വയ്ക്കേണ്ടതാണ്. ഈ നിരക്ക് അടുത്ത ഒരു വർഷമോ, അല്ലെങ്കിൽ അടുത്ത നിരക്ക് പുനർ നിർണയം ചെയ്യുന്ന സമയം വരെയോ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷനിൽ ഉൾപ്പെടാത്ത അന്യഭാഷാ പത്രങ്ങളുടെ പ്രചാരം അതതു സംസ്ഥാനങ്ങളറിലെ പബ്ളിക് റിലേഷൻസ് ഡയറക്ടർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതാണ്.

5. ഇനിമേൽ പത്രങ്ങളെ അവയുടെ എഡിഷൻ അടിസ്ഥാനത്തിൽ വിഭജിച്ച് പരസ്യം നല്കുന്നതാണ്. അതനുസരിച്ചുള്ള മീഡിയാലിസ്റ്റ് തയാറാക്കുന്നതും ദിനപ്പത്രം, ഉച്ചപ്പത്രം, സായ്ഹ്നപത്രം എന്ന വിഭജനം കർശനമായി പാലിക്കുന്നതുമാണ്. പത്രങ്ങളുടെ പ്രചാരം കണക്കാക്കുമ്പോൾ ഈ മൂന്ന് വിഭാഗങ്ങളിൽപ്പെട്ട പത്രങ്ങളെയും പ്രത്യേകം തരം തിരിച്ച് പ്രചാരം നിർണയിക്കുന്നതാണ്.

6. മീഡിയാലിസ്റ്റിൽ ഉൾപ്പെടുത്തി പരസ്യം ലഭിക്കുന്നതിലേയ്ക്ക് പത്രങ്ങൾ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

(എ) ഒരു വർഷം തുടർച്ചയായി പ്രസിദ്ധീകരിച്ചിരിക്കണം

(ബി) തൊഴിൽ തർക്കം (labour dispute) മൂലമല്ലാതെ ഒരു മാസത്തിൽ കൂടുതൽ പ്രസിദ്ധീകരണം നിലച്ചുപോയ പത്രങ്ങൾ പുനഃപ്രസിദ്ധീകരിച്ച തീയതി മുതൽ ആറുമാസം മുടക്കം കൂടാതെ പ്രസിദ്ധീകരിച്ചരിക്കണം.

(സി) ഏറ്റവും കുറഞ്ഞ പ്രചാരം എഡിഷൻ തിരിച്ച് 3000 പ്രതി ആയിരിക്കണം.

## സാധാരണ പരസ്യങ്ങൾ (Routine Advertisements)

7. പരസ്യങ്ങളുടെ സ്വഭാവം അനുസരിച്ച് മൂന്നായി തരം തിരിച്ചിരിക്കുന്നു.

(എ) വർക്സ് ടെൻഡർ പരസ്യങ്ങൾ

(ബി) പർചേസ് ടെൻഡർ പരസ്യങ്ങൾ

(സി) വിജ്ഞാപനങ്ങൾ, കുറ്റാരോപണ മെമ്മോകൾ തുടങ്ങിയവ ഉൾപ്പെടുന്ന പലവക പരസ്യങ്ങൾ.

സാധാരണ പരസ്യങ്ങൾ സമയബന്ധിതമായി പരസ്യപ്പെടുത്തേണ്ടവയായതിനാൽ ദിനപ്പത്രങ്ങളിലും വകുപ്പ് ജേർണലുകളിലും മാത്രമേ അവ പ്രസിദ്ധപ്പെടുത്തുകയുള്ളൂ. പ്രസിദ്ധപ്പെടുത്തേണ്ട പരസ്യങ്ങൾ അതാത് വകുപ്പധ്യക്ഷന്മാർ പത്രത്തിൽ പ്രസിദ്ധീകരിക്കേണ്ട തീയതിക്ക് രണ്ടാഴ്ച മുമ്പെങ്കിലും പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക് എത്തിച്ചിരിക്കണം. ടെൻഡർ പരസ്യത്തിലെ ഉള്ളടക്കവുമായി ബന്ധപ്പെട്ടുള്ള ജില്ല/ജില്ലകൾ, പരസ്യത്തിന് പ്രാധാന്യം ലഭിക്കേണ്ട ജില്ല/ജില്ലകൾ, എന്നിവ പരസ്യത്തോടൊപ്പമുള്ള കത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പരസ്യമാറ്ററിന്റെ വ്യക്തതയുള്ള അഞ്ച് കോപ്പികളെങ്കിലും അയച്ചിരിക്കണം. മലയാളപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ട പരസ്യമാറ്റർ മലയാളത്തിലും ഇംഗ്ലീഷിലും മറ്റ് ഭാഷാ പത്രങ്ങളിലും നല്കേണ്ടവ ഇംഗ്ലീഷിലും തയാറാക്കി നല്കണം. പരസ്യത്തിന്റെ മൊത്തം അടങ്കൽതുക പ്രത്യേകം രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

8. പർച്ചേസ് ടെൻഡർ പരസ്യങ്ങൾ നല്കുമ്പോൾ ഏറ്റവും കൂടുതൽ ബിസിനസ് സ്ഥാപനങ്ങളുള്ള എറണാകുളം ജില്ലയിൽ പ്രചാരമുള്ള പത്രങ്ങൾക്ക് പൊതുനിബന്ധനയുടെ അടിസ്ഥാനത്തിൽ മുൻഗണന നല്കുന്നതാണ്.

9. വിജ്ഞാപനങ്ങൾ, കുറ്റാരോപണമെമ്മോകൾ തുടങ്ങിയവ ഉൾപ്പെടുന്ന പലവക പരസ്യങ്ങൾ ഏറ്റവും കൂടുതൽ പ്രചാരമുള്ള 'സി', 'ഡി' കാറ്റഗറി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

| പത്രത്തിന്റെ തരം തിരിവ് | പ്രചാരം | അടങ്കൽതുക | പരസ്യവിതരണം |
|---|---|---|---|
| 'എ' | 3,000 – 10,000 വരെ | 25,000 രൂപ വരെ | പരസ്യത്തിലെ ജോലിയുമായി ബന്ധപ്പെട്ട ജില്ലയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഒരു 'എ' കാറ്റഗറി പത്രത്തിൽ മാത്രം. |
| 'ബി' | 10,001 – 50,000 വരെ | 25,000 രൂപയ്ക്ക് മുകളിൽ 5 ലക്ഷം രൂപ വരെ | പരസ്യത്തിലെ ജോലിയുമായി ബന്ധപ്പെട്ട ജില്ലയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഒരു 'എ' കാറ്റഗറി പത്രത്തിനും ഒരു 'ബി' കാറ്റഗറി പത്രത്തിനും മാത്രം. |
| 'സി' | 50,001 – 2 ലക്ഷം വരെ | 5 ലക്ഷത്തിനു മുകളിൽ 50 ലക്ഷം വരെ | പരസ്യത്തിലെ ജോലിയുമായി ബന്ധപ്പെട്ട ജില്ലയിൽ നല്ല പ്രചാരമുള്ള ഒരു 'ബി' കാറ്റഗറി പത്രത്തിനും ഒരു 'സി' കാറ്റഗറി പത്രത്തിനും മാത്രം. |

| | | | |
|---|---|---|---|
| 'ഡി' | 2 ലക്ഷത്തിനുമുകളിൽ | 50 ലക്ഷത്തിനുമുകളിൽ | പരസ്യത്തിലെ ജോലിയുമായി ബന്ധപ്പെട്ട ജില്ലയിൽ നല്ല പ്രചാരമുള്ള ഒരു 'ഡി' കാറ്റഗറി പത്രത്തിനും ആവശ്യമെങ്കിൽ ഒരു ഇംഗ്ലീഷ് പത്രത്തിനും ഒരു അന്യ ഭാഷാ പത്രത്തിനും മാത്രം |

10. വളരെ പ്രാധാന്യമുള്ള പരസ്യങ്ങൾ ഡയറക്ടറുടെ വിവേചനാധികാരം ഉപയോഗിച്ച് കൂടുതൽ പത്രങ്ങൾക്കും ഇംഗ്ലീഷ്, തമിഴ്, കന്നട തുടങ്ങിയ അന്യഭാഷാ പത്രങ്ങൾക്കും നല്കാവുന്നതാണ്.

11. സർക്കാർ വകുപ്പുകളിൽ നിന്നുള്ള പരസ്യങ്ങൾക്കു പുറമെ ചില പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ നിർദേശിക്കുന്നതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അർധസർക്കാർ സ്ഥാപനങ്ങളുടെയും പരസ്യങ്ങൾ പി.ആർ.ഡി. വഴി പ്രസിദ്ധീകരണത്തിന് നല്കുന്നതാണ്. അവയ്ക്ക് ഈ ഉത്തരവിലെ നിരക്കുകൾ ബാധകമായിരിക്കും. എന്നാൽ പരസ്യചെലവ് അതാത് സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്.

12. പബ്ളിക് സർവീസ് കമ്മീഷന്റെ പരസ്യങ്ങൾ 'എ' കാറ്റഗറി പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതല്ല.

13. പ്രസിദ്ധീകരണത്തിന് നല്കുന്ന പരസ്യങ്ങളുടെ വിസ്തൃതി, മറ്റ് നിർദേശങ്ങൾ എന്നിവ ഡി.പി.ആർ. രേഖാമൂലം പത്രങ്ങൾക്ക് നല്കുന്നതാണ്.

14. മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പത്രങ്ങളുടെ ഓരോ ദിവസത്തെയും രണ്ടു കോപ്പികൾ ഡി.പി.ആറിനും രണ്ട് കോപ്പികൾ ബന്ധപ്പെട്ട ജില്ലാഇൻഫർമേഷൻ ഓഫീസർക്കും എത്തിക്കേണ്ടതാണ്.

15. പരസ്യ നിരക്ക്

(എ) 'എ' കാറ്റഗറി പത്രത്തിന്റെ കുറഞ്ഞ പ്രചാരമായ 3,000 കോപ്പിക്ക് കോളം. സെന്റീമീറ്ററിന് 14 രൂപ നല്കുന്നതാണ്. അതു കഴിഞ്ഞ് 7,000 കോപ്പി വരെ അഞ്ഞൂറ് കോപ്പിക്കും ഒരു രൂപ വീതവും അതിനു ശേഷമുള്ള ഓരോ 1000 കോപ്പിക്കും ഒരു രൂപ വീതവും വർദ്ധനവും നല്കുന്നതാണ്.

(ബി) 'ബി' കാറ്റഗറി പത്രത്തിന്റെ കുറഞ്ഞ പ്രചാരമായ 10,001 കോപ്പിക്ക് കോളം സെന്റീമീറ്ററിന് 25 രൂപയും അതു കഴിഞ്ഞുള്ള ഓരോ 2,000 കോപ്പിക്ക് രണ്ട് രൂപ വീതം വർദ്ധനവ് നല്കുന്നതാണ്.

(സി) 'സി' കാറ്റഗറി പത്രത്തിന്റെ കുറഞ്ഞ പ്രചാരമായ 50,001 കോപ്പിക്ക് കോളം സെന്റീമീറ്ററിന് 65 രൂപയും അതു കഴിഞ്ഞുള്ള ഓരോ 5,000 കോപ്പിക്കും 5 രൂപ വീതം വർദ്ധനവ് നല്കുന്നതാണ്.

(ഡി) 'ഡി' കാറ്റഗറി പത്രത്തിന്റെ കുറഞ്ഞ പ്രചാരമായ 2,00,001 കോപ്പിക്ക് കോളം സെന്റീമീറ്ററിന് 220 രൂപയും അതു് കഴിഞ്ഞുള്ള ഓരോ 25,000 കോപ്പിക്കും 10 രൂപ വീതം വർദ്ധനവ് നല്കുന്നതാണ്.

16. വാണിജ്യ-വ്യാപാര-വ്യവസായ കേന്ദ്രങ്ങളിൽ ഇംഗ്ളീഷ് പത്രങ്ങൾക്കുള്ള അധിക പ്രചാരം കണക്കിലെടുത്ത് കൂടിയ പരസ്യ നിരക്കാണ് അവയ്ക്ക് ഇപ്പോൾ നല്കി വരുന്നത്. ഈ പശ്ചാത്തലത്തിൽ എല്ലാ ഇംഗ്ളീഷ് പത്രങ്ങൾക്കും, അവയുടെ തുല്യ പ്രചാരമുള്ള ഭാഷാ പത്രങ്ങൾക്ക് നല്കുന്ന നിരക്കിന്റെ 60 ശതമാനം കൂടി വർദ്ധിച്ച നിരക്ക് നല്കുന്നതാണ്.

17. മീഡിയാ ലിസ്റ്റിൽ ഉൾപ്പെടുത്തിയ എല്ലാ പത്രങ്ങളിൽ നിന്നും പരസ്യ തുകയുടെ 15 ശതമാനം ഡിസ്കൗണ്ട് ഈടാക്കുന്നതാണ്.

### ഡിസ്പ്ളേ പരസ്യങ്ങൾ

18. പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, വിശേഷാൽ പതിപ്പുകൾ എന്നിവയിക്ക് നല്കി വരുന്ന പ്രത്യേക പരസ്യങ്ങളെ ഡിസ്പ്ളേ പരസ്യങ്ങൾ എന്നു പരാമർശിക്കുന്നു. മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പത്രങ്ങളുടെ വിശേഷാൽ പതിപ്പുകൾ, ആഴ്ചപ്പതിപ്പുകൾ, മാസികകൾ, ത്രൈമാസികകൾ, ദ്വൈവാരികകൾ, വാർഷികപ്പതിപ്പുകൾ എന്നിവയ്ക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഡിസ്പ്ളേ പരസ്യങ്ങൾ നല്കുന്നതാണ്.

19. ഡിസ്പ്ളേ പരസ്യം നല്കുന്നതിനായി പ്രസിദ്ധീകരണത്തിന്റെ ഗുണമേന്മ ഒരു പ്രധാന മാനദണ്ഡമായിരിക്കും. അതിലേയ്ക്കായി പരസ്യം ആവശ്യപ്പെടുന്ന അപേക്ഷയോടൊപ്പം പ്രസിദ്ധീകരണത്തെ സംബന്ധിച്ച് ഒരു ചെറിയ വിവരണം ഡി.പി.ആറിന് സമർപ്പിക്കേണ്ടതാണ്.

20. സുവനീറുകൾ, മറ്റ് പ്രത്യേക പതിപ്പുകൾ എന്നിവയ്ക്ക് 24 പേജുകളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഡിസ്പ്ളേ പരസ്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. പ്രസിദ്ധീകരണത്തിന്റെ 50 ശതമാനം പേജുകൾ പരസ്യേതര വിഷയങ്ങൾ ഉൾക്കൊള്ളുന്നവയായിരിക്കണം.

21. ആറ് മാസമെങ്കിലും മുടക്കം കൂടാതെ ഇറങ്ങുന്ന ആനുകാലികങ്ങൾക്കുമാത്രമേ ഡിസ്പ്ളേ പരസ്യം ലഭിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. തൊഴിൽ തർക്കം മൂലമല്ലാതെ പ്രസിദ്ധീകരണം നിലച്ചു പോവുകയാണെങ്കിൽ അവ പുനഃപ്രസിദ്ധീകരണം തുടങ്ങി ആറ് മാസം മുടക്കം കൂടാതെ പ്രസിദ്ധീകരിച്ചെങ്കിൽ മാത്രമേ പരസ്യം ലഭിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

22. മറ്റ് വകുപ്പുകളിൽ നിന്നും നല്കുന്ന ഡിസ്പ്ളേ പരസ്യങ്ങൾക്ക് പി.ആർ.ഡി. നിരക്ക് ബാധകമായിരിക്കും. പരസ്യതുക അതാത് വകുപ്പ് തന്നെ നല്കേണ്ടതാണ്. ഈ

തുക നല്കുന്നതിനു മുമ്പ് അതാത് വകുപ്പധ്യക്ഷന്മാർ ഇതു സംബന്ധിച്ച് ഡി.പി.ആറിന്റെ സാക്ഷ്യപത്രം നേടിയിരിക്കണം.

23. ഒരു സാമ്പത്തിക വർഷത്തിൽ ദിനപത്രങ്ങൾക്ക് നാലും, ആഴ്ചപ്പതിപ്പുകൾക്ക് മൂന്നും, ദ്വൈവാരിക, മാസിക, ത്രൈമാസിക എന്നിവയ്ക്ക് രണ്ടും എന്ന കണക്കിന് മാത്രമേ ഡിസ്പ്ളേ പരസ്യം നല്കുകയുള്ളൂ.

24. ശാസ്ത്ര മാസികകൾക്കും കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾക്കും പ്രോത്സാഹനമെന്ന നിലയിൽ ആവശ്യമെങ്കിൽ കൂടുതൽ പ്രാവശ്യം പരസ്യം നല്കാൻ പബ്ളിക് റിലേഷൻസ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കും.

25. പ്രസിദ്ധീകരണങ്ങളുടെ മേന്മ, വലിപ്പം, പ്രചാരം എന്നിവയെ അടിസ്ഥാനമാക്കി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ നല്കുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓരോ പ്രസിദ്ധീകരണത്തിനും പ്രത്യേകം പരസ്യനിരക്ക് നിശ്ചയിക്കുന്നതാണ്. പത്രങ്ങളുടെ പ്രചാരം തിട്ടപ്പെടുത്തി നിരക്ക് നിശ്ചയിക്കുന്ന രീതി പ്രസിദ്ധീകരണങ്ങൾക്കും ബാധകമായിരിക്കും. വാരികകൾ, ദ്വൈവാരികകൾ, മാസികകൾ, ത്രൈമാസികകൾ എന്നിവയ്ക്ക് താഴെ പറയുന്ന നിരക്ക് നിശ്ചയിച്ചിരിക്കുന്നു.

**ആർ. എ3 (1/2 ഡെമി)**

1000 കോപ്പി മുതൽ 2000 കോപ്പിവരെ – മുഴുവൻ പേജ് – 600 രൂപ
2001 കോപ്പി മുതൽ 5000 കോപ്പിവരെ – മുഴുവൻ പേജ് – 900 രൂപ
50001 കോപ്പി മുതൽ 10,000 കോപ്പി വരെ– മുഴുവൻ പേജ് – 1400 രൂപ
10,000 കോപ്പിക്കു മുകളിൽ – മുഴുവൻ പേജ് – 2000 രൂപ

**ആർ. എ4 (1/4 ഡെമി)**

1000 കോപ്പി മുതൽ 2000 കോപ്പി വരെ – മുഴുവൻ പേജ് – 500 രൂപ
2001 കോപ്പി മുതൽ 5000 കോപ്പി വരെ – മുഴുവൻ പേജ് – 800 രൂപ
5001 കോപ്പി മുതൽ 10,000 കോപ്പി വരെ – മുഴുവൻ പേജ് – 1000 രൂപ
10,000 കോപ്പിക്കു മുകളിൽ – മുഴുവൻ പേജ് – 1500 രൂപ

**ആർ. എ5 (1/8 ഡെമി)**

1000 കോപ്പി മുതൽ 2000 കോപ്പി വരെ – മുഴുവൻ പേജ് – 250 രൂപ
2001 കോപ്പി മുതൽ 5000 കോപ്പി വരെ – മുഴുവൻ പേജ് – 400 രൂപ
5001 കോപ്പി മുതൽ 10,000 കോപ്പി വരെ – മുഴുവൻ പേജ് – 600 രൂപ
10,000 കോപ്പിക്കു മുകളിൽ – മുഴുവൻ പേജ് – 800 രൂപ

26. പ്രത്യേക പതിപ്പുകൾ, സുവനീറുകൾ എന്നിവയ്ക്ക് മുഴുവൻ പേജിന് 800 രൂപയും അര പേജിന് 400 രൂപയും കാൽ പേജിന് 200 രൂപയും നിരക്ക് നിശ്ചയിച്ചിരിക്കുന്നു.

27. പത്രങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും പ്രചാരവും പരസ്യനിരക്കും നിശ്ചയിക്കൽ, മീഡിയാലിസ്റ്റിൽ ഉൾപ്പെടുത്തൽ എന്നിവയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ പബ്ലിക് റിലേഷൻസ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

ഗവർണറുടെ ഉത്തരവിൻപ്രകാരം

പി.കെ. മഹാന്തി

ഡയറക്ടർ & സെക്രട്ടറി

പൊതുഭരണ (പി. ആർ.) വകുപ്പ്

എല്ലാ വകുപ്പു മേധാവികൾക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള സർവകലാശാല (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, വിജിലൻസ് കമ്മീഷണർ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കെ.എസ്.ഇ.ബി., തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
സർക്കാരിന്റെ കീഴിലുള്ള എല്ലാ സെക്രട്ടറിമാർക്കും അഡീഷണൽ സെക്രട്ടറിമാർക്കും.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ ഡപ്യൂട്ടി സെക്രട്ടറിക്ക്.
പബ്ലിക്ക് റിലേഷൻസ് (ഡി) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി)

കേരള സർക്കാർ

സംഗ്രഹം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് - ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച നയവും നടപടിക്രമങ്ങളും - ഭേദഗതി ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

പൊതുഭരണ (ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് - ഡി) വകുപ്പ്

സ.ഉ. (അച്ചടിച്ചത്) 01/04/ഐ & പി ആർ. തിരുവനന്തപുരം, 2004 ജനുവരി, 2

---

പരാമർശം :- 1. 7-7-1999-ലെ സ.ഉ. (അച്ചടിച്ചത്) 8/99/പി ആർ.

2. ബഹു. ലോകായുക്ത മുമ്പാകെ 1034/2002 & 343/03 മുതൽ 403/2003 എന്നീ നമ്പരായി ശ്രീ. എം.കെ നാരായണൻ, കണ്ണൂർ സമർപ്പിച്ച പരാതിയിന്മേലുള്ള ബഹു. ലോകായുക്തയുടെ 27-6-2003-ലെ ഉത്തരവ്.

3. ബഹു. ലോകായുക്തയുടെ ഉത്തരവ് പ്രകാരം സർക്കാരിന്റെ ദർഘാസ്പരസ്യങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അധികവ്യയം ഒഴിവാക്കുന്നതിന് 9-10-2003-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിങ്ങിന്റെ മിനിട്സ്.

## ഉത്തരവ്

സർക്കാർ വകുപ്പുകൾ പ്രസിദ്ധീകരിക്കുന്ന ദർഘാസ് പരസ്യങ്ങൾ അവയുടെ വ്യഥാസ്ഥൂലതയാൽ സാമ്പത്തിക അതിവ്യയത്തിന് കാരണമാകുന്നുവെന്നും പരസ്യങ്ങളുടെ ഘടന പുന:സംവിധാനം ചെയ്ത് ഈ നഷ്ടം ഒഴിവാക്കണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള ബഹു. ലോകായുക്തയുടെ ഉത്തരവ് പ്രകാരം 9-10-2003-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ദർഘാസ് പരസ്യങ്ങളുടെ ഘടനയും പ്രസിദ്ധീകരണവും സംബന്ധിച്ച നയവും നടപടിക്രമങ്ങളും പുതുക്കി നിശ്ചയിക്കാൻ തീരുമാനമെടുക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പരസ്യ ഇനത്തിലുള്ള ചെലവ് കുറയ്ക്കുന്നതിനും ദർഘാസ് പരസ്യങ്ങൾക്ക് കൂടുതൽ കവറേജ് ലഭിക്കുന്നതിനും സഹായകമാകുന്ന തരത്തിൽ നിലവിലുള്ള നടപടിക്രമങ്ങൾ താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. ദർഘാസ് പരസ്യങ്ങൾ ഇനി മുതൽ പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതല്ല.

2. ദർഘാസ് പരസ്യങ്ങളിലെ അടിസ്ഥാനവിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വിൻഡോ പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധകരിക്കുന്നതും അവയുടെ പൂർണ്ണരൂപം അതേ സമയം സർക്കാർ വെബ്സൈറ്റിൽ (www.kerala.gov.in) ലഭ്യമാക്കുന്നതാണ്.

3. വിൻഡോ പരസ്യങ്ങൾ ദർഘാസിനെ സംബന്ധിക്കുന്ന താപ്പെറയുന്ന വിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്നതായിര്ക്കും:

(i) ദർഘാസ് ക്ഷണിക്കുന്ന വകുപ്പിന്റെ പേര്
(ii) ജോലിയുടെ പേര്
(iii) ദർഘാസ് ഫോറത്തിന്റെ വില
(iv) നിരതദ്രവ്യം
(v) ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി
(vi) ബന്ധപ്പെടേണ്ട ഓഫീസിന്റെ ഫോൺ നമ്പർ
(vii) വെബ്സൈറ്റ് വിലാസം

(viii) തിരിച്ചറിയൽ നമ്പർ

4. പൂർണ്ണരൂപത്തിലുള്ള ദർഘാസ് പരസ്യം വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതോടൊപ്പം ബന്ധപ്പെട്ട ഓഫീസിലും ലഭ്യമാക്കേണ്ടതാണ്.

5. വിവിധ വകുപ്പുകളുടെ വിൻഡോ പരസ്യങ്ങൾ സംയോജിപ്പിച്ച് വേണ്ടത്ര പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കുന്നതാണ്.

6. ദർഘാസ് പരസ്യങ്ങളെ പ്രാദേശികം (Regular), മേഖല (Regional), ദേശീയം (National) എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. പ്രാദേശിക പരസ്യങ്ങൾ മീഡിയാ ലിസ്റ്റിലുള്ള മലയാളം പത്രങ്ങളിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്. 50 ലക്ഷത്തിന് മുകളിൽ അടങ്കൽ തുകയുള്ള പ്രവൃത്തികളുടെ വിൻഡോ പരസ്യങ്ങൾ നിലവിലുള്ള സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു ഡി കാറ്റഗറി പത്രത്തിൽ മാത്രവും 50 ലക്ഷത്തിൽ താഴെയുള്ളവ മറ്റ് മൂന്ന് കാറ്റഗറികളിലുംപെട്ട ഓരോ പത്രത്തിനുവീതവും അനുക്രമമായി നൽകുന്നതായിരിക്കും. ഇതിനായി മീഡിയാ ലിസ്റ്റിലുള്ള പത്രങ്ങളെ അക്ഷരമാലാക്രമത്തിൽ വിന്യസിക്കുന്നതാണ്.

7. മീഡിയാ ലിസ്റ്റിലുള്ള ഇംഗ്ലീഷ്, തമിഴ്, കന്നഡ തുടങ്ങിയ അന്യഭാഷാ പത്രങ്ങളിൽ മേഖലാ/ദേശീയ അടിസ്ഥാനത്തിൽ പ്രചാരം ലഭിക്കേണ്ട പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് അവയുടെ സ്വഭാവവും ആവശ്യകതയും കണക്കിലെടുത്ത് പത്രങ്ങൾ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച് ഡി.പി.ആർ. കൈക്കൊള്ളുന്നതായിരിക്കും.

8. പൊതുമേഖലാ സ്ഥാപനങ്ങൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ഈ സംവിധാനം തന്നെ ബാധകമാണ്.

9. പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ തുടങ്ങി പബ്ലിക് റിലേഷൻസ് വകുപ്പ് വഴിയല്ലാതെ ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനു നൽകുന്ന സർക്കാർ സ്ഥാപനങ്ങൾ മൂന്ന് സെ.മി. x രണ്ട് കോളം വലിപ്പമുള്ള വിൻഡോ പരസ്യം തയ്യാറാക്കി പത്രങ്ങൾക്ക് നൽകേണ്ടതും പൂർണ്ണരൂപത്തിലുള്ള പരസ്യം അതത് ഓഫീസുകളിൽ ലഭ്യമാക്കേണ്ടതുമാണ്.

10. പൂർണ്ണ രൂപത്തിലുള്ള ദർഘാസ് പരസ്യങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു ആനുകാലികം (Periodical) പ്രസിദ്ധീകരിക്കുന്നതാണ്. പ്രസിദ്ധീകരണത്തിന്റെ കാലികതയും (Periodicity) മറ്റ് വിശദാംശങ്ങളും വിൻഡോ പരസ്യ സംവിധാനം നിലവിൽ വന്ന് മൂന്നു മാസത്തിനുള്ളിൽ തീരുമാനിച്ച് അന്തിമരൂപം നൽകുന്നതാണ്.

11. പരാമർശം ഒന്ന് പ്രകാരമുള്ള സർക്കാർ ഉത്തരവിലെ ദർഘാസ് പരസ്യങ്ങളുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകൾക്ക് പകരം ഈ ഉത്തരവിലെ വ്യവസ്ഥകൾക്കായിരിക്കും. ഇനി മുതൽ പ്രാബല്യം ഉണ്ടായിരിക്കുക.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

ജി. രാജശേഖരൻ
സെക്രട്ടറി ആന്റ് ഡയറക്ടർ
പൊതിഭരണ (ഐ. ആന്റ് പി. ആർ) വകുപ്പ്

കേരള ലോകായുക്ത, തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
രജിസ്ട്രാർ, കേരള സർവകലാശാല
സെക്രട്ടറി, കേരള വിജിലൻസ് കമ്മീഷണർ
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം
ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം